നമ്പർ. WCD-NNM1-9520/18

കേരള സർക്കാർ

വനിതാ ശിശു വികസന വകുപ്പ്
ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം.
തീയതി: 04.06.2018

# Expression of Interest

"നാഷണൽ ന്യൂട്രിഷൻ മിഷൻ - സാമൂഹ്യമാധ്യമ പ്രചാരണ പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മീഡിയാ ഏജൻസികളെ തെരഞ്ഞെടുക്കൽ"

സംസ്ഥാനത്ത് ആരംഭിക്കുന്ന നാഷണൽ ന്യൂട്രിഷൻ മിഷനുവേണ്ടിയും വനിതാ ശിശുവികസന വകുപ്പിന്റെ വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളുടേയും സാമൂഹ്യമാധ്യമ പ്രചാരണ പരിപാടികൾ നടത്തുന്നതിനുമായി താല്പര്യമുള്ള, ടി രംഗത്ത് പരിചയ സമ്പന്നരായ ചുവടെ ചേർക്കുന്ന യോഗ്യതയുള്ള ഏജൻസികളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും പാനൽ തയ്യാറാക്കുവാൻ മതിയായ അപേക്ഷകർ ലഭിക്കാതിരുന്ന സാഹചര്യത്തിൽ വീണ്ടും അപേക്ഷകൾ ക്ഷണിക്കുന്നു.

**യോഗ്യത**

1. സാമൂഹ്യ മാധ്യമ പ്രചാരണ പരിപാടികൾ നടത്തിയതിൽ കുറഞ്ഞത് 3 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണ്.
2. ഇത്തരത്തിൽ പരിപാടികൾ നടത്തിയതിന്റെ വിശദവിവരങ്ങൾ പോർട്ട്ഫോളിയോ രൂപത്തിൽ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. Digital Marketing, Search Engine Optimization, Social Media Marketing, Social Media Optimization, Search Engine Marketing, Online Reputation Management എന്നീ മേഖലകളിലെ പ്രവർത്തനം മുൻഗണനയായി പരിഗണിക്കുന്നതാണ്.

**Terms and Conditions**

ലഭിക്കുന്ന അപേക്ഷയിൽ നിന്നും യോഗ്യരായവരെ ടെക്നിക്കൽ കമ്മിറ്റി മുഖേന തെരഞ്ഞെടുക്കുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന കമ്പനി വകുപ്പുമായി എംപാനൽ ചെയ്യപ്പെടുകയും വകുപ്പന്റെ വിവിധ പ്രവർത്തനങ്ങളുടെ മാർക്കറ്റിംഗ് പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതുമായിരിക്കും.

PRD നിരക്കുകൾ അനുസരിച്ചായിരിക്കും പ്രതിഫലം. PRDയിൽ രേഖപ്പെടുത്താത്ത പ്രവർത്തനങ്ങൾക്ക് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിക്കുന്ന നിരക്കുകൾ ആയിരിക്കും.

താല്പര്യമുള്ള യോഗ്യതയുള്ള കമ്പനി/ ഏജൻസികൾ ചുവടെ ചേർക്കുന്ന വിലാസത്തിൽ രേഖകൾ സഹിതമുള്ള അപേക്ഷകൾ മുദ്രവച്ച കവറിൽ 13.06.2018 - 5 മണിയ്ക്കു മുൻപായി സമർപ്പിക്കേണ്ടതാണ്. കവറിനു പുറത്ത് "നാഷണൽ ന്യൂട്രിഷൻ മിഷൻ - സാമൂഹ്യമാധ്യമ പ്രചാരണ പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മീഡിയാ ഏജൻസികളെ തെരഞ്ഞെടുക്കൽ" എന്ന് രേഖപ്പെടുത്തേണ്ടതുമാണ്.

**ഡയറക്ടർ**
**വനിതാ ശിശുവികസന വകുപ്പ്**
**പൂജപ്പുര, തിരുവനന്തപുരം.**
**ഇ മെയിൽ: swdicds@gmail.com**
**ഫോൺ നം: 0471- 2346534.**

ഡയറക്ടർ
വനിതാ ശിശുവികസന വകുപ്പ്

S.H. SIVANYA
Assistant Director
Women and Child Development Department
Thiruvananthapuram-695012